**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3797** **03-03-2023 - ൽ മറുപടിയ്ക്ക്**

**അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ ചികിത്സാ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ നിയമസഭാ സാമാജികർക്കും ജുഡീഷ്യൽ ഓഫീസർമാർക്കും അനുവദിച്ചിരുന്ന ചികിത്സാ ആനുകൂല്യ പദ്ധതിയിൽ സംസ്ഥാനത്തെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അപ്രകാരം തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | ഇല്ല. എന്നാൽ 26.02.2021-ലെ സ.ഉ.(കൈ) നം. 68/2021/പൊഭവ ഉത്തരവ് പ്രകാരം "ആൾ ഇന്ത്യ സർവ്വീസസ് (മെഡിക്കൽ ഫെസിലിറ്റീസ്) സ്കീം, 2020" എന്ന പേരിൽ പ്രത്യേക ചികിത്സാ പദ്ധതി സംസ്ഥാന കേഡറിലുള്ള അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ടി സ്കീം പ്രകാരം സർവ്വീസിലുള്ളതും വിരമിച്ചതുമായ കേരള കേഡർ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതരായ കുടുബാംഗങ്ങൾക്കും എല്ലാ ഗവൺമെന്റ് ആശുപത്രികൾ, സംസ്ഥാന സർക്കാർ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ, കേന്ദ്ര സർക്കാരിന്റെ ആരോഗ്യ പദ്ധതിയിൽ (സി.ജി.എച്ച്.എസ്) എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ എന്നിവയിൽ ചികിത്സ തേടിയതുമായി ബന്ധപ്പെട്ട ചിലവുകൾ പ്രതിപൂരണം ചെയ്തു നൽകി വരുന്നുണ്ട്. ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും അടിയന്തിര സാഹചര്യങ്ങളിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ വിദേശത്തുള്ള ആശുപത്രികളിൽ ചികിത്സാ തേടുന്നതിനും പ്രസ്തുത പദ്ധതിയിൽ വ്യവസ്ഥയുണ്ട്. കൂടാതെ പദ്ധതി പ്രകാരമുള്ള ചികിത്സാ ക്ലെയിമുകൾ പരിശോധിച്ച് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനും ചികിത്സാ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ന്യൂഡൽഹിയിലുള്ള കേരള ഹൗസിലും അംഗീകൃത മെഡിക്കൽ അറ്റൻഡന്റുമാരുടെ സേവനവും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്നും അഖിലേന്ത്യാ സർവ്വീസ് | (ബി) | ഇല്ല. എന്നാൽ 26.02.2021-ലെ സ.ഉ.(കൈ) നം. 68/2021/പൊഭവ ഉത്തരവ് പ്രകാരം "*ആൾ ഇന്ത്യ* |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥരുടെ ചികിത്സ ആനുകൂല്യം ഇതിനുമുൻപ് എപ്രകാരമായിരുന്നുവെന്നും അറിയിക്കാമോ; | | *സർവ്വീസസ് (മെഡിക്കൽ ഫെസിലിറ്റീസ്) സ്കീം, 2020"* എന്ന പേരിൽ പ്രത്യേക ചികിത്സാ പദ്ധതി സംസ്ഥാന കേഡറിലുള്ള അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ടി സ്കീം പ്രകാരം സർവ്വീസിലുള്ളതും വിരമിച്ചതുമായ കേരള കേഡർ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതരായ കുടുബാംഗങ്ങൾക്കും എല്ലാ ഗവൺമെന്റ് ആശുപത്രികൾ, സംസ്ഥാന സർക്കാർ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ, കേന്ദ്ര സർക്കാരിന്റെ ആരോഗ്യ പദ്ധതിയിൽ (സി.ജി.എച്ച്.എസ്) എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ എന്നിവയിൽ ചികിത്സ തേടിയതുമായി ബന്ധപ്പെട്ട ചിലവുകൾ പ്രതിപൂരണം ചെയ്തു നൽകി വരുന്നുണ്ട്. ഉദ്യോഗസ്ഥർക്കും അവരുടെ ആശ്രിതർക്കും അടിയന്തിര സാഹചര്യങ്ങളിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ വിദേശത്തുള്ള ആശുപത്രികളിൽ ചികിത്സാ തേടുന്നതിനും പ്രസ്തുത പദ്ധതിയിൽ വ്യവസ്ഥയുണ്ട്. കൂടാതെ പദ്ധതി പ്രകാരമുള്ള ചികിത്സാ ക്ലെയിമുകൾ പരിശോധിച്ച് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനും ചികിത്സാ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ന്യൂഡൽഹിയിലുള്ള കേരള ഹൗസിലും അംഗീകൃത മെഡിക്കൽ അറ്റൻഡന്റുമാരുടെ സേവനവും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രീമിയം സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കിയ മെഡിസെപ് പദ്ധതി അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ഓപ്ഷണൽ ആക്കുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | (സി) | അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് കേന്ദ്ര ഡെപ്യൂട്ടേഷൻ പോലുള്ള അന്യത്ര സേവനങ്ങൾക്ക് പോകേണ്ടി വരുമ്പോൾ പ്രീമിയം ഈടാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുമെന്നതിനാലും ഇവർക്ക് കേന്ദ്ര സർക്കാരിന് കീഴിൽ മെച്ചപ്പെട്ട ഇൻഷ്വറൻസ് ലഭ്യമായതിനാലുമാണ് മെഡിസെപ് പദ്ധതിയിലെ അംഗത്വം ഐച്ഛികം ആക്കിയത്. |

സെക്ഷൻ ഓഫീസർ